"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വ മിഷൻ - സി.എം.ഡി. മുഖേന കരാർ അടിസ്ഥാനത്തിൽ നിയമിതരായ സംസ്ഥാന മിഷനിലെ പ്രോഗ്രാം ഓഫീസർ (ഫിനാൻസ്), പ്രോഗ്രാം ഓഫീസർ (ഐ.ടി.&ഇ - ഗവേണൻസ്), ജില്ലാ മിഷനുകളിലെ പ്രോഗ്രാം ഓഫീസർമാർ, ടെക്നിക്കൽ കൺസൾട്ടന്റ്മാർ എന്നിവരുടെ പ്രതിമാസ സമാഹൃത വേതനം - വർദ്ധിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.643/2026/LSGD തീയതി, തിരുവനന്തപുരം, 09-03-2026

---

പരാമർശം:-
1. 17.01.2015 ലെ സ.ഉ (സാധാ) നം. 144/2015/തസ്വഭവ
2. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 30.07.2025, 08.12.2025 തീയതികളിലെ SM/2334/2024-B നമ്പർ കത്തുകൾ.
3. 18.02.2026 -ലെ സ.ഉ (അ) നമ്പർ.24/2026/ധന

**ഉത്തരവ്**

ശുചിത്വ മിഷന്റെ സംസ്ഥാന ഓഫീസിൽ പ്രോഗ്രാം ഓഫീസർ (ഫിനാൻസ്), പ്രോഗ്രാം ഓഫീസർ (ഐ.ടി & ഇ - ഗവേണൻസ്), 14 ജില്ലാ മിഷനുകളിലും ടെക്നിക്കൽ കൺസൾട്ടന്റ് (എല്ലാ ജില്ലയിലും ഒന്ന് വീതം), പ്രോഗ്രാം ഓഫീസർ (എല്ലാ ജില്ലയിലും ഒന്ന് വീതം) തസ്തികകൾ പരാമർശം (1) പ്രകാരം സൃഷ്ടിച്ചിരുന്നു. ടി തസ്തികകളിൽ നിയമിച്ചിട്ടുള്ള താത്ക്കാലിക ജീവനക്കാരുടെ പ്രവൃത്തി പരിചയവും, ഉയർന്ന യോഗ്യതയും, കാര്യപ്രാപ്തിയും പരിചയസമ്പത്തും ശുചിത്വമിഷന്റെ തുടർ പ്രവർത്തനങ്ങളെ സഹായിക്കുമെന്നുള്ളത് കണക്കിലെടുത്ത് ഇവരുടെ പ്രതിമാസ സമാഹൃത വേതനം നിലവിലുള്ള 37,800/- രൂപയിൽ നിന്നും വർദ്ധിപ്പിക്കുന്നതിന് അനുമതി നൽകുന്നതിന് പരാമർശം (2) പ്രകാരം ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശിപാർശ സർക്കാരിനോട് ചെയ്തിരുന്നു.

2) സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ശുചിത്വ മിഷനിലെ പ്രോഗ്രാം ഓഫീസർ (ഫിനാൻസ്, പ്രോഗ്രാം ഓഫീസർ (ഐ ടി ഇ - ഗവേണൻസ്), ജില്ലാ മിഷനുകളിലെ പ്രോഗ്രാം ഓഫീസർമാർ, ജില്ലാ മിഷനുകളിലെ ടെക്നിക്കൽ കൺസൾട്ടന്റ്മാർ എന്നീ തസ്തികകളിൽ നിയമിച്ചിട്ടുള്ള താല്ക്കാലിക ജീവനക്കാരുടെ പ്രവൃത്തി പരിചയവും, ഉയർന്ന യോഗ്യതയും, കാര്യപ്രാപ്തിയും പരിചയസമ്പത്തും ശുചിത്വമിഷന്റെ തുടർ പ്രവർത്തനങ്ങളെ സഹായിക്കുമെന്നുള്ളത് കണക്കിലെടുത്ത് ഇവരുടെ പ്രതിമാസ സമാഹൃത വേതനം നിലവിലുള്ള 37,800/- രൂപയിൽ നിന്നും പരാമർശം (3)-ലെ കാറ്റഗറി XI പ്രകാരമുള്ള 48,550/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),കേരള,തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി.&എസ്.എസ്.എ), കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ധനകാര്യ (ഡബ്ല്യൂ സി ഡി) വകുപ്പ് (ഡബ്ല്യൂ സി ഡി-3/249/2025-ധന പ്രകാരം)

ഐ.&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി : (LSGD-IA2/139/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by

Alex G C

Date: 09-03-2026 16:11:49

സെക്ഷൻ ഓഫീസർ